# ആഗോള സാമ്പത്തിക പ്രതിസന്ധിയും വികസ്വര രാജ്യങ്ങളും

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം

13.11.2008

ലോകസാമ്പത്തിക ചരിത്രം വഴിമുട്ടി നിൽക്കുകയും, മുന്നോട്ടുള്ള യാത്ര തുടരാൻ കഴിയാതെ പുതുവഴികൾ തേടുകയും ചെയ്യുന്ന ചരിത്ര മുഹൂർത്തത്തെയാണ് നാം ഇപ്പോൾ അഭിമുഖീകരിക്കുന്നത്. എന്തുകൊണ്ടും ഇത് ഒരു യുഗസംക്രമണ സന്ദർഭമാണ്. ലോക സമ്പത്ത് വ്യവസ്ഥയ്ക്കു ഇതുവരെ വന്ന വഴികളിലൂടെ ഇനി നീങ്ങാനാവില്ല. കമ്പോള മൗലികവാദത്തേയും നവ-ഉദാരവത്ക്കരണ നയങ്ങളേയും തള്ളിപ്പറയാൻ കടുത്ത യാഥാസ്ഥിതികർ പോലും മത്സരിക്കുന്ന കാഴ്ചയാണു ലോകമെമ്പാടും കാണുന്നത്. ലോക ബാങ്കിന്റെയും നാണയനിധിയുടെയും ഭാഷയിൽ പോലും മാറ്റം വന്നിരിക്കുന്നു. ഭരണകൂടത്തെ തള്ളിപ്പറഞ്ഞിരുന്നവർ ഭരണകൂട ഇടപെടലിനുവേണ്ടി യാചിക്കുന്ന കാഴ്ചയും നാം കാണുകയുണ്ടായി. കാസിനോ ക്യാപിറ്റലിസത്തിന് എല്ലാ ഒത്താശയും ചെയ്തു കൊടുത്തിരുന്നവർതന്നെ അതിനെ വിമർശിക്കാൻ തയ്യാറാവുന്നതും ശ്രദ്ധേയമാണ്. ദേശീയവും, അന്തർദേശീയവുമായ സാമ്പത്തിക ക്രമീകരണങ്ങളിൽ, വിശേഷിച്ചും ആഗോള പണവ്യവസ്ഥയിൽ വലിയ അഴിച്ചുപണി നടത്താതെ ഇനി ലോകത്തിന് ഏറെ മുന്നോട്ടു പോകാനാവില്ല എന്ന കാര്യം പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ആഗോള സാമ്പത്തിക പ്രതിസന്ധി മുതലാളിത്താനന്തര സമൂഹങ്ങളെക്കുറിച്ചുള്ള ചിന്തകൾക്കും പ്രതീക്ഷകൾക്കും ഊർജ്ജം പകരുകയും ചെയ്യുന്നുണ്ട്.

പഴയ വഴികൾ ഉപേക്ഷിച്ച് പുതിയവ തേടാൻ ലോകരാഷ്ട്രങ്ങളേയും, അന്താരാഷ്ട്ര സ്ഥാപനങ്ങളേയും പ്രേരിപ്പിക്കുന്ന തരത്തിൽ അത്ര തീക്ഷ്ണവും ഗുരുതരവുമാണ് ഇന്നു ലോകം നേരിടുന്ന സാമ്പത്തിക തകർച്ച. ഏതാണ്ട് എല്ലാ രാജ്യങ്ങളേയും വികസനത്തുറകളേയും മഹാഭൂരിപക്ഷം ജനങ്ങളേയും ഈ പ്രതിസന്ധി ബാധിക്കും എന്നത് തർക്കമറ്റതാണ്. ആഗോളസാമ്പത്തിക തകർച്ച കടൽ കടന്നുവന്ന് ഇന്ത്യയേയും നമ്മുടെ സംസ്ഥാനത്തേയും ബാധിച്ചു തുടങ്ങിയിരിക്കുന്നു.

പ്രതിസന്ധിയുടെയും തകർച്ചയുടെയും ഈ സന്ദർഭത്തിൽ നിരാശരും നിഷ്ക്രിയരുമാകാതെ അതിനെ നേരിടാൻ തയ്യാറെടുക്കുകയാണ് വേണ്ടത്. അതിന് ഏറ്റവും അടിയന്തിരമായി ഏറ്റെടുക്കേണ്ട കടമ സാമ്പത്തിക തകർച്ച ഏറ്റവും കൂടുതൽ ബാധിക്കാൻ

സാദ്ധ്യതയുള്ള തൊഴിലാളികൾ, കൃഷിക്കാർ, ചെറുകിട ഉത്പാദകർ, മറ്റു ദുർബല വിഭാഗങ്ങൾ എന്നിവരെ സംരക്ഷിക്കുക എന്നതാണ്. ഒപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ വേഗം മന്ദീഭവിക്കാതിരിക്കാനും, പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ദേശീയ - സാർവ്വദേശീയ രംഗങ്ങളിൽ ഉണ്ടാവുന്ന മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ വികസനതന്ത്രം പുനരാവിഷ്ക്കരിക്കാനും ജാഗ്രത പുലർത്തണം.

ആഗോള സാമ്പത്തിക തകർച്ചയെ നേരിടാൻ മുന്നൊരുക്കങ്ങൾ നടത്തണമെങ്കിൽ അതിന് ആദ്യം വേണ്ടത്, അതിന്റെ കാരണങ്ങളെക്കുറിച്ചും, പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും ശരിയായ ധാരണയും അറിവും ഉണ്ടാക്കിയെടുക്കുകയാണ്. സാമ്പത്തിക തകർച്ചയെക്കുറിച്ച് പഠനങ്ങളും സംവാദങ്ങളും മറ്റും ലോകമാകെ നടക്കുന്നതിന്റെ പശ്ചാത്തലം ഇതാണ്. ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലി പ്രതിസന്ധിയെക്കുറിച്ചു പഠിക്കാൻ ഒരു പ്രത്യേക പാനലിനെ നിയോഗിക്കാൻ തീരുമാനിച്ചതിന്റെ കാരണവും മറ്റൊന്നല്ല. ഐക്യരാഷ്ട്രസഭ നിയോഗിച്ച പാനലിൽ അംഗമാകാനും, പ്രതിനിധിസഭയെ അഭിസംബോധന ചെയ്യാനും നമ്മുടെ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ പ്രൊഫസർ പ്രഭാത് പട്നായിക് ക്ഷണിക്കപ്പെടുകയുണ്ടായി. നവഉദാരവത്ക്കരണ ചിന്താഗതികൾക്കെതിരെ പ്രൊഫസർ പ്രഭാത് പട്നായിക്കും ലോകമെമ്പാടുമുള്ള മറ്റു പുരോഗമന ചിന്താഗതിക്കാരും നടത്തുന്ന വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനങ്ങൾക്കു ലഭിച്ച ഒരു അംഗീകാരമായിട്ടുകൂടിയാണിത്.

മൂലധനം കുന്നുകൂടുന്നതിനും, ഉത്പാദനം വർദ്ധിക്കുന്നതിനും അനുസരിച്ച് വിപണി വികസിക്കാതെ വരുന്നതാണ് മുതലാളിത്ത വ്യവസ്ഥയിലെ തകർച്ചയുടെ ഒരു അടിസ്ഥാന കാരണം. വിപണി വലുതാവാത്തതിന്റെ പ്രശ്നത്തെ കടപ്പെരുക്കം കൊണ്ടും ഊഹകച്ചവടക്കാരെ കയറൂരി വിട്ടുകൊണ്ടും പരിഹരിക്കാനാണ് അമേരിക്ക ശ്രമിച്ചത്. കടപ്പെരുക്കത്തിന്റെ കുമിള പൊട്ടുകയും, ഊഹക്കച്ചവട മൂലധനത്തിന് ഓഹരി വിപണികളിലും മറ്റും കനത്ത തിരിച്ചടി നേരിടുകയും ചെയ്തതോടുകൂടി പണവിപണിയിലെ പ്രതിസന്ധി ഒരു വലിയ സാമ്പത്തിക തകർച്ചയായി രൂപാന്തരപ്പെട്ടു. മുതലാളിത്ത വ്യവസ്ഥയുടെ വളർച്ചയിലും തളർച്ചയിലും പ്രതീക്ഷകൾക്ക് വലിയ സ്ഥാനമാണുള്ളത്. സാമ്പത്തിക തകർച്ചയുടെ അന്തരീക്ഷം പ്രതീക്ഷകളെ അതിന്റെ നെല്ലിപ്പലകയിൽ എത്തിച്ചിരിക്കുന്നു. ആർക്കും ആരിലും വിശ്വാസവും പ്രതീക്ഷയുമില്ലാത്ത ഈ അവസ്ഥ തകർച്ചയുടെ ആഘാതം വർദ്ധിപ്പിക്കും.

ആഗോള സാമ്പത്തിക തകർച്ചയുടെ അണുക്കൾ മറ്റു രാജ്യങ്ങളിലേക്കു പടരുന്നത് പ്രധാനമായും രണ്ടു വഴികളിലൂടെയാണ്. ഒന്നാമത്തേത് വിദേശവ്യാപാരത്തിന്റെ മാർഗ

മാണ്. രണ്ടാമത്തേത് ഊഹക്കച്ചവട മൂലധനത്തിന്റെ പോക്കുവരവുകളുടെ വഴിയാണ്. ഇതിൽ ആദ്യത്തേത് കയറ്റുമതിയും, ഇറക്കുമതിയും ഉള്ള എല്ലാ രാജ്യങ്ങൾക്കും, പ്രദേശങ്ങൾക്കും തലവേദന സൃഷ്ടിക്കും. വിദേശവ്യാപാരം വഴിയുള്ള പ്രതിസന്ധിയുടെ കടന്നുവരവ് പൂർണ്ണമായും ഒഴിവാക്കാനാവില്ല. അത് നിയന്ത്രിക്കാൻ മാത്രമേ ഹ്രസ്വകാലത്തിൽ കഴിയൂ. ഊഹക്കച്ചവടമൂലധനത്തിന്റെ വരവും, പോക്കും വഴിയുള്ള രോഗപകർച്ച ഏറെ വേഗത്തിലുള്ളതും വളരെ അപകടകരവുമാണ്. ഈ വഴി അടയ്ക്കുവാനുള്ള ശ്രമം അടിയന്തിരമായി ഉണ്ടാവേണ്ടതുണ്ട്.

വിദേശ ഊഹക്കച്ചവട മൂലധനത്തിനു ഇന്ത്യയിലേക്കു കടന്നുവരാനും എപ്പോൾ വേണമെങ്കിലും പുറത്തേക്കു പോകുന്നതിനും അനുവാദം നൽകിയപ്പോൾ തന്നെ ഇടതുപക്ഷ പാർടികളും, പ്രഗത്ഭരായ പല സാമ്പത്തിക ശാസ്ത്രജ്ഞന്മാരും വരാനിടയുള്ള അപകടം സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. ഊഹക്കച്ചവട മൂലധനം വൻതോതിൽ കടന്നു വരികയും, ഓഹരി വിലകൾ ആകാശംമുട്ടെ ഉയരുകയും ചെയ്തപ്പോൾ മുന്നറിയിപ്പ് ചെവിക്കൊള്ളാൻ കേന്ദ്രഭരണാധികാരികൾ തയ്യാറായില്ല. അവർ ഓഹരി വിലപ്പെരുക്കം ആഘോഷിക്കുന്നതിന്റെ തിരക്കിലായിരുന്നു. എന്തെങ്കിലും ഒരു ചെറിയ പ്രകോപനം ഉണ്ടായാൽ ഊഹക്കച്ചവടമൂലധനം കൂട്ടത്തോടെ പുറത്തേക്കൊഴുകും എന്നും അതിന്റെ ആഘാതം താങ്ങാൻ നമ്മുടെ സമ്പദ്ഘടനയ്ക്കു കഴിയാതെ വരും എന്നുമായിരുന്നു ഇടതുപക്ഷത്തിന്റെ ആശങ്ക. ഭയപ്പെട്ടതുതന്നെയാണ് ഇപ്പോൾ സംഭവിക്കുന്നത്. ആഗോളത്തകർച്ചയുടെ വൃത്താന്തം പരന്നതോടുകൂടി അവർ കൂട്ടത്തോടെ ഇന്ത്യൻ ഓഹരികൾ വിറ്റു പുറത്തേക്കു കടക്കാൻ ആരംഭിച്ചു. ഇന്ത്യൻ ഓഹരി വിലകൾ നിലംപതിച്ചു; ഇന്ത്യൻ രൂപയുടെ വില കുത്തനെ ഇടിഞ്ഞു. വിദേശ ഓഹരി ഇടുപാടുസ്ഥാപനങ്ങൾ അകത്തേക്കുകൊണ്ടു വന്ന തുകയിൽ അവശേഷിക്കുന്നതുകൂടി അവസരം കിട്ടിയാൽ പുറത്തേക്കു ഒഴുകാൻ ഇടയുണ്ട് എന്നതും ആശങ്കാജനകമാണ്. ഓഹരി വിലകളെ കൃത്രിമമായി ഉയർത്തിനിർത്തി ഊഹക്കച്ചവടമൂലധനത്തെ പിടിച്ചുനിർത്താം എന്നു കരുതുന്നത് മൗഢ്യമാണ്. ഓഹരിവിലകൾ ഉയരുന്നത് വിൽപനയ്ക്കുള്ള അവസരമായി അവർ കണ്ടു എന്നു വരാം. അതുകൊണ്ട് വിദേശ ഓഹരി ഇടപാടുസ്ഥാപനങ്ങളുടമേൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഇനിയും വൈകരുത്.

ജനങ്ങളുടെ വാങ്ങൽകഴിവും ചോദനവും വർദ്ധിപ്പിക്കുന്ന തരത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ് ഈ പ്രതിസന്ധിയിൽ നിന്നും കരകയറാനുള്ള മാർഗ്ഗം. അങ്ങനെയൊരു നിലപാടാണ് ഇക്കാര്യത്തിൽ ഭൂരിപക്ഷം സാമ്പത്തിക ശാസ്ത്രജ്ഞരും സ്വീകരിക്കുന്നത്. കൂടുതൽ വികസന പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ ഏറ്റെടുക്കണമെങ്കിൽ കേന്ദ്രസർക്കാർ കമ്പോളമൗലികവാദത്തിന്റെയും, നവഉദാരവത്ക്ക

രണത്തിന്റെയും പ്രത്യയശാസ്ത്രഭാണ്ഡങ്ങൾ ഉപേക്ഷിക്കേണ്ടിവരും. ഭരണകൂടത്തിന്റെയും പൊതുമേഖലയുടെയും നേതൃത്വപരമായ പങ്ക് അംഗീകരിക്കുകയും വേണം.

ഊഹക്കച്ചവട മൂലധനത്തെ ആകർഷിക്കുന്നതിനാണ് സർക്കാരിന്റെ ചെലവും ധനക്കമ്മിയും കുറയ്ക്കാൻ കേന്ദ്രം ഭഗീരഥപ്രയത്നം നടത്തിയത്. ധനക്കമ്മിയെക്കുറിച്ചുള്ള യാഥാസ്ഥിതികത്വം ഉപേക്ഷിക്കാനും സർക്കാരിന്റെ മൂലധനനിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമുള്ള അവസരമാണ് ഇത്. സമ്പദ്ഘടനയിലെ ഡിമാന്റ് വർദ്ധിപ്പിക്കാനും, ജനങ്ങൾക്ക് ആശ്വാസം പകരാനും, നിക്ഷേപകരുടെ പ്രതീക്ഷ പുനരുജ്ജീവിപ്പിക്കാനും ഇതല്ലാതെ മറ്റു മാർഗ്ഗമില്ല.

കേന്ദ്രസർക്കാർ പൊതുമൂലധനനിക്ഷേപം വർദ്ധിപ്പിക്കാൻ തയ്യാറെടുക്കുന്നു എന്ന വാർത്ത സ്വാഗതാർഹമാണ്. എന്നാൽ സംസ്ഥാനങ്ങളേയും അതിനു അനുവദിയ്ക്കേണ്ടതുണ്ട്. ധനകാര്യ ഉത്തരവാദിത്വബില്ലിന്റെ മൂക്കുകയറിൽ നിന്നും സംസ്ഥാനങ്ങളെ അടിയന്തിരമായി മോചിപ്പിക്കണം. കടം വാങ്ങുന്നതിനുള്ള നിയന്ത്രണം എടുത്തു കളയണം. സംസ്ഥാനങ്ങളെ വിദേശ കടം എടുക്കാൻ നിർബന്ധിക്കുന്നത് ഒഴിവാക്കി ആഭ്യന്തര വിപണിയിൽ നിന്നും കൂടുതൽ കടം വാങ്ങാൻ അനുവദിക്കണം. വിദേശ സഹായ പദ്ധതികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകിച്ച് എടുത്തു പറയേണ്ടതില്ല. നവ ഉദാരവത്ക്കരണ നയങ്ങളുടെ ഭാഗമായി സംസ്ഥാനങ്ങളിൽനിന്നും കവർന്നെടുത്ത എല്ലാ സാമ്പത്തിക അധികാരങ്ങളും പുനഃസ്ഥാപിക്കണം. ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിന്റെ ഭാഗമായി പെട്രോളിയം ഉത്പന്നങ്ങളുടെ നിയന്ത്രിതവിലകൾ അടിയന്തിരമായി വെട്ടിക്കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറാവണം. ക്രൂഡോയിലിന്റെ വില ഗണ്യമായി കുറഞ്ഞിട്ടും ഇന്ത്യയിൽ വില കുറയാത്തത് പ്രതിഷേധാർഹമാണ്. പെട്രോളിയം ഉത്പന്നങ്ങളുടെ വില കുറഞ്ഞാൽ മറ്റു സാധനങ്ങളുടെ വിലയും കുറയും.

സാമൂഹ്യക്ഷേമ - സുരക്ഷിതത്വ ചെലവുകൾ വർദ്ധിപ്പിച്ചുകൊണ്ടും മൂലധനനിക്ഷേപം പരമാവധിയാക്കിക്കൊണ്ടും പ്രതിസന്ധിയെ നേരിടിനാണ് കേരളം ശ്രദ്ധിക്കുക. 2009 - 10 ലേക്കുള്ള വാർഷികപദ്ധതിയിലും, സംസ്ഥാന ബജറ്റിലും ഇത്തരമൊരു സമീപനമായിരിക്കും സംസ്ഥാനം സ്വീകരിക്കുക. ഒപ്പം കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നടത്തിപ്പു കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കേരളം ആത്മാർത്ഥമായി ശ്രമിക്കും.